പ്രസിദ്ധീകരണത്തിന് 06.03.2013

## സോഫ്റ്റ് സ്കിൽ പരിശീലനം

സംസ്ഥാന പട്ടികജാതി-വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സി-ഡിറ്റ് നടപ്പിലാക്കുന്ന സൈബർശ്രീ സെന്ററിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കും ഇഞ്ചിനീയ റിംഗ് വിദ്യാർത്ഥികൾക്കുമായി സോഫ്റ്റ് സ്കിൽ വികസന പരീശീലനം നൽകുന്നു. തൊഴിൽ ലഭ്യതക്കായി ഐ.ടി. അധിഷ്ടിതമായ മൂന്നു മാസത്തെ പരിശീലനത്തിൽ ഇംഗ്ലീഷ് ഭാഷാ പ്രയോഗം, വ്യക്തിത്വ വികസനം, നേതൃത്വ പാടവം, അഭിമുഖ പരിജ്ഞാനം, വിഷയ അവത രണ ശേഷി, ഗ്രൂപ്പ് ചർച്ചകൾ എന്നിവയാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത്. ഏതെങ്കിലും വിഷ യത്തിൽ ബിരുദം, അല്ലെങ്കിൽ ഡിപ്ളോമ എന്നിവ പാസ്സായവർക്കും ഇഞ്ചിനീയറിംഗ് കോഴ്സ് ചെയ്തു കൊണ്ടിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകർ 20 നും 26നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

2013 മാർച്ച് അവസാന വാരം തിരുവനന്തപുരത്ത് പരിശീലനം ആരംഭിക്കും. പരിശീല നത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 4000 രൂപ സ്റ്റൈപന്റായി ലഭിക്കും. അപേ ക്ഷാഫോറവും വിശദവിവരങ്ങളും **www.cybersri.org, www.cdit.org** എന്നീ വെബ് സൈറ്റുകളിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. സ്വന്തം മേൽവിലാസം എഴുതി 10 രൂപ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം അപേക്ഷിച്ചാൽ അപേക്ഷാഫോറം തപാലിൽ ലഭിക്കുന്നതാണ്.

നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് സഹിതം 2013 മാർച്ച് 20-ാം തീയതിക്കു മുമ്പായി സൈബർശ്രീ, സി-ഡിറ്റ്, ടി.സി.26/847, പ്രകാശ്, VRA-D7, വിമൻസ് കോളേജ് റോഡ്, തൈക്കാട് പി.ഒ, തിരുവനന്തപുരം-695014 എന്ന വിലാസത്തിൽ ലഭിക്കേതാണ്.

ഫോൺ: 04712323949

പ്രോജക്ട് മാനേജർ,
സൈബർശ്രീ, സി-ഡിറ്റ്